(ബി) ഇവിടെയുള്ള ഡോക്ടർ കൃത്യമായി ജോലിക്ക് ഹാജരാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡോക്ടർ കൃത്യമായി എത്താത്തതിനാൽ ഇവിടുത്തെ ക്ഷീരകർഷകർ അടക്കമുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി കൃത്യമായി ജോലിക്ക് ഹാജരാകുന്ന ഡോക്ടറെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ഡോക്ടറെ മാറ്റി കൃത്യമായി ജോലിക്ക് ഹാജരാകുന്ന ഡോക്ടറെ നിയമിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

**മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം**

131(4500) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. കല്ലറ കേന്ദ്രമാക്കി നിർമ്മിക്കാനുദ്ദേശിക്കുന്ന സബ് സ്റ്റേഷന് മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ഇത് സംബന്ധിച്ച പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്ന റിപ്പോർട്ട്**

132(4501) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്ന് വനം വകുപ്പോ വനം വകുപ്പിന്റെ ഏതെങ്കിലും ഏജൻസിയോ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് പഠനം നടത്തിയത്; പഠന സംഘത്തിലെ വിദഗ്ധർ ആരൊക്കെയായിരുന്നു; എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly